പ്രകാരം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥാപനാനുമതി 2010 മേയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടിയുള്ള മുട്ടത്തറ സീവേജ് ഫാമിൽനിന്നും ശുദ്ധീകരണത്തിനുശേഷം മണൽത്തിട്ടകളിൽകൂടി കടന്നു വരുന്ന ജലം പാർവ്വതീ പുത്തനാറിൽ ഒഴുകിയെത്തുന്നു. നിലവിലുള്ള സംവിധാനം കുറ്റമറ്റതല്ലാത്തതിനാൽ കെ.എസ്.യു.ഡി. പദ്ധതി പ്രകാരം 107 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. ഇതു പ്രവർത്തനക്ഷമമാകുമ്പോൾ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും.

കൊച്ചി നഗരസഭയ്ക്കുവേണ്ടിയുള്ള പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച ജലം സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിശ്ചിത തോതിലുള്ള ഗുണനിലവാരം ഉറപ്പാക്കിയിട്ടാണ് സമീപത്തുള്ള ജലാശത്തിലേയ്ക്ക് തുറന്ന് വിടുന്നത്.

(സി) പരാതികളിന്മേൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അന്വേഷണം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയം നൽകുകയും ചെയ്തു വരുന്നു.

തെരുവ് നായ ശല്യം

176 (4800) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് നായ്ക്കളെ കൊല്ലുന്നതിന് ഇപ്പോൾ എത്ര തുക ചെലവഴിക്കുവാൻ അനുവാദമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തെരുവ് നായ്ക്കളെ കൊല്ലുന്ന നടപടി ബഹു. സുപ്രീം കോടതിയുടെ ഇടക്കാല വിധിയനുസരിച്ച് നിർത്തലാക്കിയിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുക ചെലവഴിക്കുന്നില്ല.

തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് നടപടി

177 (4801) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly